ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

Media Commission
Diocese Of Idukki

വാല്യം: 03 ലക്കം: 06 ജൂൺ 2024


# കെ.സി.എസ്.എൽ: ഇടുക്കി രൂപതക്ക് ചരിത്രനേട്ടം

## 2022-23 പ്രവർത്തനവർഷത്തെ സംസ്ഥാനത്തെ മികച്ച രൂപത



സംസ്ഥാന തലത്തിൽ ഉജ്വല വിജയം നേടി കെ.സി.എസ്.എൽ. ഇടുക്കി രൂപത. സംസ്ഥാന തലത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രവർത്തിക്കുന്ന കത്തോലിക്കാ വിദ്യാർത്ഥി സംഘടനയാണ് കെ. സി. എസ്. എൽ. കഴിഞ്ഞ വർഷം ചിട്ടയായ പ്രവർത്തനങ്ങൾ വഴി സംഘടനയെ മുന്നോട്ട് നയിച്ചാണ് കേരള സഭയിലെ മികച്ച രൂപതയായി തിരഞ്ഞെടുക്കപ്പെട്ടത്. പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന യോഗത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനും കെ.സി.എസ്. എൽ. രക്ഷാധികാരിയുമായ ജോഷ്വാ മാർ ഇഗ്നാത്തിയോസാണ് പ്രഖ്യാപനം നടത്തിയത്.

സംസ്ഥാന തലത്തിൽ മികച്ച യു. പി. സ്കൂളായി നാരകക്കാനം സെന്റ് ജോസഫ് യു.പി. സ്കൂളും മികച്ച ഹൈസ്കൂളായി ഇരട്ടയാർ സെന്റ് തോമസ് ഹൈസ്കൂളും മികച്ച രണ്ടാമത്തെ ഹയർ സെക്കണ്ടറി സ്കൂളായി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളും തിരഞ്ഞെടുക്കപ്പെട്ടു. ജൂൺ 15 ന് വരാപ്പുഴയിൽ വച്ച് നടന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

രൂപതാ രക്ഷാധികാരി മാർ ജോൺ നെല്ലിക്കുന്നേൽ, മോൺ. ജോസ് പ്ലാച്ചിക്കൽ, ഫാ.ജോർജ് തകിടിയേൽ കെ.സി.എസ്.എൽ രൂപതാ ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, മുൻ ഡയറക്ടർ ഫാ. ജേക്കബ് മങ്ങാടംപള്ളി, രൂപത പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ, മുൻ പ്രസിഡന്റ് ശ്രീ. സിബിച്ചൻ ജോസഫ്,ജോയിന്റ് ഡയറക്ടർ സിസ്റ്റർ സ്റ്റെല്ല എസ്. എച്ച്., വൈസ് പ്രസിഡന്റ് ജോസിയാമോൾ ജോസ്, ഓർഗനൈസർ ശ്രീ.അരുൺ ആന്റണി,മറ്റു രൂപത ഭാരവാഹികൾ, റീജിയണൽ കോഡിനേറ്റർമാർ, യൂണിറ്റ് ആനിമേറ്റർമാർ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളാണ് ഈ തിളക്കമാർന്ന വിജയത്തിന് കാരണമായത്.


# ബത്‌ലഹേം കാരിത്താസ്

(ഇടുക്കി രൂപത ജീവകാരുണ്യ പ്രസ്ഥാനം)

ഇടുക്കി ഗവ. മെഡിക്കൽ കോളേജിലെയും ഗവ. ആയുർവ്വേദ ആശുപത്രിയിലെയും നിർധനരായ 400 ഓളം രോഗികൾക്ക്എല്ലാ ദിവസവും സൗജന്യമായി അത്താഴം നൽകുന്ന ശുശ്രൂഷ.
കൂടാതെ രോഗികൾക്ക് രോഗീലേപനം തുടങ്ങി ആത്മീയ ശുശ്രൂഷകളും നൽകുന്നു.

വിവാഹം, ജന്മദിനം, വിവാഹ വാർഷികം, മരണവാർഷികം തുടങ്ങിയ നിങ്ങളുടെ ആഘോഷവസരങ്ങളിൽ ഒരു വിഹിതം ഈ ജീവകാരുണ്യ ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കാം. ഒരു ദിവസത്തെ ഭക്ഷണത്തിന്റെ തുക 4000 രൂപ.

വിശദ വിവരങ്ങൾക്ക്
ഡയറക്ടർ ബെത്‌ലഹേം കാരിത്താസ് .
സെന്റ് ജോർജ് ചർച്ച്. ഇടുക്കി. +91 7012576546,
bethlehemcaritasidukki@gmail.com

Ac No: 13300100150613
IFSC FDRL0001330
Bank - Federal Bank, Karimpan



# എല്ലാ കാര്യങ്ങളും വീട്ടിൽ പറയാൻ പറ്റുമെന്ന ബോധ്യം കുട്ടികളിൽ വളർത്തുക: ഫ്രാൻസിസ് പാപ്പാ

കുട്ടികൾക്ക് എല്ലാ കാര്യങ്ങളും വീട്ടിൽ പറയാൻ പറ്റുമെന്നും അവർ തനിച്ചല്ല എന്നുമുള്ള ബോധ്യം കുട്ടികളിൽ വളർത്തുവാനും, എന്നും ഏറ്റവും നല്ല വഴി തിരഞ്ഞെടുക്കാൻ അവരെ സഹായിക്കുവാനും ഫ്രാൻസിസ് പാപ്പാ മാതാപിതാക്കളോടു നിർദ്ദശിച്ചു.

2025ൽ നടക്കുന്ന ജൂബിലിയുമായി ബന്ധപ്പെട്ടുള്ള റോമിലെ വിവിധ ഇടവകകകൾ സന്ദർശിച്ച് പാപ്പാ നടത്തുന്ന ‘പ്രാർത്ഥനയുടെ വിദ്യാലയം’’ എന്ന പരിപാടിയുടെ മൂന്നാമത്തെ കൂടിക്കാഴ്ചയിലായിരുന്നു പാപ്പാ ഇപ്രകാരം പറഞ്ഞത്.ജൂൺ ആറാം തീയതി വൈകിട്ട് റോമിന്റെ പ്രാന്തപ്രദേശത്തുള്ള ഓട്ടാവിയയിലെ ചരൽ വിരിച്ച തറയും ഇഷ്ടിക മതിലും, മരങ്ങളും വള്ളിച്ചെടികളും തിങ്ങിയ ഗാര്യേജിൽ ഷട്ടറിട്ടു മറച്ച കാറുകൾക്കു മുന്നിൽ ഒരു കസേരയിൽ ഇരുന്നാണ് പാപ്പാ അവരുമായി കൂടിക്കാഴ്ച നടത്തിയത്. അത്ഭുതം കൂറിയ കണ്ണുകളോടെ ഏതാണ്ട് മുപ്പതോളം കുടുംബങ്ങൾ അവിടെ സന്നിഹിതരായിരുന്നു. കുട്ടികളെ വളർത്തിയെടുക്കാൻ അത്യാവശ്യമായ കുടുംബമെന്ന സംവിധാനത്തെ പരിരക്ഷിക്കാൻ ആവശ്യപ്പെട്ട പാപ്പാ കുടുംബത്തിൽ ഉണ്ടാകുന്ന വാക്കുതർക്കങ്ങൾക്കും, ചിലപ്പോഴുണ്ടാകുന്ന വേർപിരിയലുകളുമാകുന്ന കൊടുങ്കാറ്റുകൾക്കുമപ്പുറം നിരാശരാകാതെ ദിവസം അവസാനിക്കും മുമ്പ് സമാധാനം പുന:സ്ഥാപിക്കാൻ പരിശ്രമിക്കാൻ ആവശ്യപ്പെട്ടു.

ക്ഷമിക്കൂ (Sorry) എന്നും ദയവായി (Please) നന്ദി (Thank you) എന്നുമുള്ള വാക്കുകളുടെ ഉപയോഗം ബന്ധങ്ങൾ പ്രായോഗികമാക്കാൻ ഉതകുന്നവയാണെന്നും പാപ്പാ ഓർമ്മിപ്പിച്ചു. എല്ലാം കണ്ടുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കൾ തമ്മിലുള്ള സ്നേഹമാണ് പ്രചോദനം എന്നും, പിരിഞ്ഞു കഴിയുന്ന മാതാപിതാക്കൾ പരസ്പരം മോശം പറയുന്നത് ഒഴിവാക്കണമെന്നും പാപ്പാ ഉപദേശിച്ചു.വിശ്വാസം എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും എന്ന യുവാക്കളുടെ ചോദ്യത്തിനു മറുപടിയായി സാക്ഷ്യം മാത്രമാണ് ഏക വഴി എന്നായിരുന്നു പാപ്പായുടെ ഉത്തരം. ചരിത്രം മുന്നോട്ടു കൊണ്ടു പോകാനുള്ള ഉത്തരവാദിത്വം യുവാക്കൾക്കാണെന്നും വീഴ്ചകളിൽ തളരാതെ എഴുന്നേറ്റ് മുന്നോട്ടു നീങ്ങുവാനും പാപ്പാ അവരെ പ്രോത്സാഹിപ്പിച്ചു.സഭയുമായി കുഞ്ഞുങ്ങളെ അടുത്തു നിർത്താൻ സാക്ഷ്യം മാത്രമാണ് വഴിയെന്ന് മാതാപിതാക്കളുടെ ചോദ്യത്തിന് ഉത്തരമായി പാപ്പാ വീണ്ടും വിശദീകരിച്ചു. അത് കുടുംബത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്. മാതാപിതാക്കളുടെ പരസ്പര സ്നേഹമാണ് കുട്ടികൾ മനസ്സിലാക്കേണ്ടത്. എന്നാൽ പരസ്പരം തർക്കിക്കേണ്ടി വരുമ്പോൾ അതു കുട്ടികളുടെ മുന്നിൽ വച്ചു ചെയ്യാതിരിക്കാൻ പരിശ്രമിക്കാനും പാപ്പാ ആവശ്യപ്പെട്ടു. നല്ല പാഠങ്ങൾ വീട്ടിൽ നിന്നാണ് പഠിക്കുന്നതെന്നും പാപ്പാ ചൂണ്ടിക്കാണിച്ചു.



## എഡിറ്റോറിയൽ

# മതബോധനം കാര്യക്ഷമമാക്കാൻ

ചിക്കാഗോയിലെ ആർച്ച് ബിഷപ്പായിരുന്ന ഷെയ്‌ലിയുടെ അനുഭവക്കുറിപ്പുകളിൽ ശ്രദ്ധേയമായ ഒരു സംഭവം വിവരിച്ചിട്ടുണ്ട്. അദ്ദേഹം ആർച്ച് ബിഷപ്പ് ആകുന്നതിനുമുമ്പ് ചിക്കാഗോ ജയിലിലെ ഒരു യുവാവിനെ വധശിക്ഷയ്ക്ക് വിധിച്ചു. ഷെയ്‌ലി അവനെ സമീപിച്ച് തെറ്റുകൾ ഏറ്റുപറഞ്ഞ് മനസ്തപിക്കാൻ പറഞ്ഞു. പല തവണ പറഞ്ഞിട്ടും അവൻ കൂട്ടാക്കിയില്ല. അവനെ കൊലമരത്തിലേക്ക് പ്രവേശിപ്പിക്കുന്ന ദിവസം അതിനുതൊട്ടു മുമ്പ് ഒരിക്കൽക്കൂടി ഷെയ്‌ലി അവന്റെ അടുത്തുചെന്ന് മനസ്തപിക്കാൻ ആവശ്യപ്പെട്ടു. ഉടനെ അവൻ നിസ്സംഗനായി തിരിഞ്ഞുനിന്ന് ഒരു മനുഷ്യനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. ''ആ മനുഷ്യനാണെന്നെ കൊലയാളിയാക്കിയത്. അയാൾ കാരണമാണ് ഞാൻ ചെറിയ തെറ്റുകളിൽനിന്ന് വലിയ തെറ്റുകളിലേക്ക് വീണുപോയത്. കൊച്ചുനാളിൽ എന്നെ ഒന്ന് തിരുത്തിയിരുന്നെങ്കിൽ എനിക്ക് നല്ല മാതൃകയും മൂല്യബോധവും പകർന്നു തന്നിരുന്നുവെങ്കിൽ ഞാൻ കഴുമരത്തിലേക്ക് പോകില്ലായിരുന്നു'' ചൂണ്ടിക്കാണിച്ച മനുഷ്യൻ ആ ചെറുപ്പക്കാരന്റെ പിതാവായിരുന്നു.

ഈ സംഭവം ഇന്ന് ലോകം അനുഭവിക്കുന്ന ദുരവസ്ഥയുടെ ഒരു പരിച്ഛേദമല്ലേ? കത്തോലിക്കാ കുടുംബങ്ങളിൽ ജനിച്ച അനേകർ ഇന്നും തിന്മയുടെ പാതയിലൂടെ സഞ്ചരിക്കുന്നുണ്ടല്ലോ. ഇതിനെല്ലാം പ്രേരണയാകുന്ന പ്രധാന കാരണങ്ങളിൽ ഒന്ന് ശരിയായ മതബോധനത്തിന്റെയും ആത്മീയ വിദ്യാഭ്യാസത്തിന്റെ യും അഭാവമാണ്. മതത്തിനു മാത്രമേ മനുഷ്യനെ നല്ലവനാക്കാൻ കഴിയുകയുള്ളൂ. കാരണം മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്ന മാധ്യമമാണ് മതം. ഒരു കണക്കിന് മതം മനുഷ്യൻറെ സ്വഭാവത്തിന്റെ അംശമാണ്. അതാണല്ലോ രഹസ്യമായും പരസ്യമായും ദൈവത്തെ ആരാധിക്കുവാൻ മനുഷ്യൻ പ്രേരിതനാകുന്നത്. ഇതിൽ ഏറ്റക്കുറച്ചിലുകൾ കാണുമെന്നേയുള്ളൂ.

മനുഷ്യവർഗത്തിന്റെ സർവ്വോന്മുഖമായ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ളവർ ശരിയായ മതബോധനമുള്ളവരായിരുന്നു. അതുകൊണ്ടു തന്നെയാണ് കത്തോലിക്കാസഭ മതപഠനത്തിന് ഇത്രയും പ്രാധാന്യം നല്കുന്നത്. നമുക്കറിയാം മതബോധനത്തിനുവേണ്ടി എത്ര മനുഷ്യാധ്വാനമാണ് വിനിയോഗിക്കുന്നത്. എന്തുമാത്രം പണമാണ് ചെലവാക്കുന്നത്. വർഷങ്ങളായിട്ടു തുടർന്നു വരുന്നുവെങ്കിലും അതിന്റെ ഫലം എന്താണ്? ഇത്തരം പ്രശ്നങ്ങളെ നാം കാണാതിരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ അല്ലേ ചെയ്യുന്നത്? ഇതിനൊക്കെ കാരണം ശരിയായ വിശ്വാസപരിശീലനം നൽകാത്തതുകൊണ്ടാണെന്ന് മനസ്സിലാക്കാൻ കഴിയും. ആധുനിക മാതാപിതാക്കൾ മക്കൾക്കുവേണ്ടി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ഏറെ തല്പരരാണ്. അതിനുവേണ്ടി എന്തും ചെയ്യാൻ വ്യഗ്രത കാണിക്കുന്ന അവർ കുട്ടികളിൽ മതമൂല്യങ്ങൾ വളർത്താൻ ഒന്നും ചെയ്യുന്നില്ല (എല്ലാവരെയും ഉദ്ദേശിച്ചല്ല ഇത് പറയുന്നത്). ഇന്ന് ഒരു വിദ്യാർത്ഥിക്ക് ലഭിക്കുന്ന ഭൗതിക വിജ്ഞാനത്തിൻറെ പത്തിൽ ഒരു അംശം പോലും ആദ്ധ്യാത്മിക ജ്ഞാനം ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ഇത് ഗൗരവമായിട്ട് എടുക്കേണ്ട കാര്യമാണ്.

ജീവിതത്തിൽ യഥാർത്ഥ സമാധാനവും വിജയവും ലഭ്യമാകണമെങ്കിൽ മതബോധനം അത്യാവശ്യമാണ്. തിന്മയിലേക്ക് കണ്ണ് വച്ചിരിക്കുന്ന മനുഷ്യനെ നന്മയിലേക്ക് കൊണ്ടുവരുവാനും അതിൽ ഉറപ്പിച്ച് നിറുത്തുവാനും മതബോധനത്തിന് ശക്തിയുണ്ട്. അതിനുള്ള വിശ്വാസദാർഢ്യമുണ്ടാകണം. എങ്കിലേ നമ്മുടെ മതത്തെക്കുറിച്ച് ശരിയായ ജ്ഞാനം വളർത്തിയെടുക്കാനും ഇതര മതസ്ഥരെ നന്മയിലേക്ക് ആകർഷിക്കുവാനും അവരിലുള്ള തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും കഴിയുകയുള്ളൂ. അവസാനമായി ശ്രദ്ധിക്കാൻ ചില കാര്യങ്ങൾകൂടെ.

* ദൈവത്തെക്കുറിച്ചും സഭയെക്കുറിച്ചും വെറും ബൗദ്ധികജ്ഞാനമല്ലാതെ അനുഭവജ്ഞാനം നൽകാൻ മതബോധനത്തെ സജ്ജമാക്കുക.

* മാസംതോറും ഒരു ദിവസം ഇടവകതലത്തിൽ കുട്ടികൾക്കായി മാറ്റിവച്ച് അവർക്കായി പ്രത്യേക ആരാധനയും മധ്യസ്ഥപ്രാർത്ഥനയും നടത്തുക.

* ഇടയ്ക്ക് വിശുദ്ധരുടെ ജീവിതം ആധാരമാക്കിയുള്ള സിനിമകൾ കുട്ടികളെ കാണിക്കുക. അത്തരം വിഷയങ്ങളിൽ നാടകങ്ങൾ രൂപപ്പെടുത്തുക.

# ഉത്തമ കുടുംബങ്ങൾ ഇല്ലെങ്കിൽ ഉത്തമ ദൈവവിളികൾ ഉണ്ടാവില്ല

## മാർ ജോൺ നെല്ലിക്കുന്നേൽ

മതബോധന ക്ലാസ്സുകളുടെയും ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും ഈ വർഷത്തെ പഠനവിഷയമായി നമ്മൾ സ്വീകരിച്ചിരിക്കുന്നത് 'ദൈവ കേന്ദ്രീകൃത കുടുംബം - ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്നതാണ്.

കുടുംബം ആഴമേറിയ മനുഷ്യത്വത്തിന്റെ വിദ്യാലയമാണ് (സഭ ആധുനിക ലോകത്തിൽ ചീ. 52). സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെ, കൂട്ടായ്മയുടെ ഭാവങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാവണം. നമ്മുടെ കുടുംബങ്ങളിൽ ആഴമായ ദൈവസ്നേഹവും പരസ്നേഹവും പ്രേഷിത ചൈതന്യവും പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. സഭയുടെ ദൗത്യം കുടുംബങ്ങളിലാണ് ആരംഭിക്കുക. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'ഫമിലിയാരിസ് കോൺസോർസിയോ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ കുടുംബത്തെ 'സഭയുടെ വഴിയായി' ചൂണ്ടിക്കാണിക്കുന്നുണ്ട്. സഭയുടെ വിശ്വാസ തീക്ഷ് ണതയും പ്രേഷിതത്വവും കുടുംബങ്ങളിലാണ് വേരൂന്നി നിൽക്കുന്നത്.

സമർപ്പണവും പങ്കുവയ്ക്കലുമാണ് ദൈവവിളിയുടെ കാതൽ എന്നു നമുക്കെല്ലാവർക്കും അറിയാം. അതായത് ഉത്തമ കുടുംബം ഇല്ലെങ്കിൽ ഉത്തമ ദൈവവിളികളും ഉണ്ടാവില്ല. 'എല്ലാവരും വിളിക്കപ്പെടുന്നത് വിശുദ്ധിയിലേക്കാണ്. അതിന്റെ ആത്മാവ് സ്നേഹമാണ്' (CCC 826). ഉത്തമവിവാഹ ജീവിതത്തിനും സന്യാസത്തിനും പൗരോഹിത്യത്തിനും വളമാവുന്നതും നനവാകുന്നതും വിശുദ്ധിയും സ്നേഹവുമാണ്. ആ വിശുദ്ധിയും സ്നേഹവും വിശ്വാസ പരിശീലനം വഴി നമ്മുടെ കുടുംബങ്ങളിൽ നിറയണം. ഇപ്രകാരം നിറയപ്പെടുമ്പോൾ നമ്മുടെ കുടുംബങ്ങൾ നല്ല ദൈവവിളികൾക്ക് വളക്കൂറുള്ള മണ്ണായി തീരും.

നമ്മുടെ കുട്ടികൾ ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടുകയും അറിയുകയും അനുഭവിക്കുകയും ചെയ്യണമെങ്കിൽ നമ്മുടെ കുടുംബങ്ങൾ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങൾ ശിഥിലമാകുന്നതിന്റെ ഒരു പ്രധാന കാരണം നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയാകുന്ന ഉറച്ച അടിസ്ഥാനത്തിന്മേൽ പണിയപ്പെടുന്നില്ല എന്നതാണ്. .

പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ദൈവവിളികൾ കുറഞ്ഞുവരികയാണ്. കുടുംബങ്ങളിൽ മുളയെടുക്കുന്ന പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കുമുള്ള ദൈവവിളികളെ വളർത്തിക്കൊണ്ടുവരുന്നതിനും പരിപോഷിപ്പിക്കുന്ന തിനും മതാധ്യാപകർക്ക് വലിയ പങ്കുണ്ട്. 'ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ നിങ്ങൾക്കുവേണ്ടി ഞാൻ ഈറ്റുനോവ് അനുഭവിക്കുന്നു' (ഗലാ 4:19) എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതു പോലെ ക്രിസ്തു ചൈതന്യത്തിൽ നമ്മുടെ കുട്ടികളെ രൂപപ്പെടു ത്താൻ മതാധ്യാപകർ നിതാന്ത ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇത്തരത്തിൽ മാതാപിതാക്കളും മതാധ്യാപകരും ഇടവകയിലെ വൈദികരോടും സന്യസ്തരോടും ഒത്തുചേർന്ന് പരിശ്രമിക്കുമ്പോൾ നമ്മുടെ കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാകും.

കുടുംബമാണ് വിശ്വാസ പരിശീലനത്തിന്റെ പ്രഥമ പാഠശാല. മാതാപിതാക്കളാണ് ആദ്യത്തെ വിശ്വാസപരിശീലകർ. പ്രാർത്ഥനയുടെ പ്രാധാന്യവും, സാഹോദര്യത്തിന്റെ ആനന്ദവും, ക്ഷമിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന സ്നേഹവും കുഞ്ഞുങ്ങൾ പഠിക്കേണ്ടത് തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്നാണ്. വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കണം. കുടുംബാംഗങ്ങൾ ഒരുമിച്ച് ജപമാല ചൊല്ലണം. എല്ലാ ഞായറാഴ്ചകളിലും സാധിക്കുന്ന എല്ലാ ഇടദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ മക്കളോടൊപ്പം താല്പര്യ പൂർവ്വം പങ്കുചേരണം. ഇടവക പ്രവർത്തനങ്ങളിൽ മുതിർന്നവരും കുട്ടികളും സജീവമാവുകയും വേണം. ഇടവകകൾ നമ്മുടെ ക്രൈസ്തവ കൂട്ടായ്മയുടെ അടിസ്ഥാന കേന്ദ്രമായി പ്രശോഭിക്കണം.

പ്രിയ മാതാപിതാക്കളെ, നിങ്ങളുടെ വിവാഹ ദൈവവിളിയെ ആദരിക്കാനും ദൈവം ദാനമായി തരുന്ന കുഞ്ഞുങ്ങളെ സ്നേഹപൂർവ്വം സ്വീകരിക്കാനും വിശ്വാസത്തിൽ വളർത്താനും ഞാൻ നിങ്ങളെ ഏറെസ്നേഹത്തോടെ ഉദ്ബോധിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ കുറിച്ചിട്ട മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്: 'ഓ തിരുക്കുടുംബമേ, യഥാർത്ഥ സ്നേഹത്തിന്റെ തിളക്കം അങ്ങിൽ കണ്ടുകൊണ്ടും ധ്യാനിച്ചുകൊണ്ടും ഞങ്ങൾ വിശ്വസ്തതയോടെ അങ്ങേ പക്കൽ വരുന്നു'. സ്നേഹമുള്ളവരേ, നമ്മുടെ കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലമാകുവാൻ നസ്രത്തിലെ ആ തിരുക്കുടുംബത്തെ നമുക്ക് മാതൃകയാക്കാം.

# ആദ്യ വെള്ളിയാഴ്ചകളിലെ തിരുഹൃദയ ഭക്തിയുടെ പ്രാധാന്യം

1673നും 1675നും മദ്ധ്യേ ഫ്രാൻസിലെ പാരയെ-ലെ മോണിയലിലെ വിസിറ്റേഷൻ കോൺവെന്റിലെ വിശുദ്ധ മാർഗരറ്റ് മേരിയ്ക്കു നമ്മുടെ കർത്താവിന്റെ തിരുഹൃദയ ദർശന പരമ്പരയുണ്ടായി. അടിക്കടി നിരസിക്കപ്പെട്ട തന്റെ മാനവരാശിയോടുള്ള തന്റെ ഹൃദയ സ്നേഹത്തെ പ്രതികരിച്ചായിരുന്നു ദർശനങ്ങൾ. ഈ തിരുഹൃദയത്താൽ സഹിച്ച നിരവധിയായ പാപങ്ങൾക്കും കുറ്റങ്ങൾക്കും പ്രായശ്ചിത്തവും പരിഹാരവുമായി ഈ ഭക്തി തിരുസഭ മുഴുവനും പ്രചരിപ്പിക്കാനാണ് ആവശ്യപ്പെട്ടത്.

ചുരുങ്ങിയ സമയംകൊണ്ടുതന്നെ വിശുദ്ധ മാർഗരറ്റ് ഈ തിരുഹൃദയ ഭക്തിയുടെ ഗുണഫലങ്ങൾ മനസ്സിലാക്കി അവൾ ഇങ്ങനെ എഴുതി :- 'ആത്മീയജീവിതത്തിൽ ഈ ഭക്തിയുടെ രീതിക്ക് സമാനമായി ധ്രുതഗതിയിൽ ആത്മാക്കളെ പരിശുദ്ധമാക്കുക വഴി ആത്മീയ ജീവിതത്തിൻറെ യഥാർത്ഥ മാധുര്യമാസ്വദിക്കാൻ വേറൊരു രീതിയുമില്ല. ഏതൊരു അല്പവിശ്വാസിയും തന്റെ രക്ഷകനോടുള്ള സ്നേഹം തുലോം തുച്ഛമാണെങ്കിൽ പോലും കർത്താവായ യേശുവിന് ഈ ഭക്തി മാർഗ്ഗം എത്ര സർവ്വസമ്മതമാണെന്ന് അറിയുന്നുവെങ്കിൽ ഇത് തുടരുക തന്നെ ചെയ്യും. എനിക്ക് ദൈവമല്ലാതെ മറ്റൊന്നും വേണ്ട. ആ ദിവ്യഹൃദയത്തിൽ അലിഞ്ഞില്ലാതായാൽ മതി'.

ആ കാലഘട്ടത്തിൽ ലണ്ടനിൽ ഡച്ചസ് ഓഫ് യോർക്കിന്റെ ചാപ്ലിയനായി സേവനമനുഷ്ഠിച്ചിരുന്ന ജസ്യൂട്ട് സഭാ വൈദികനായ വിശുദ്ധ ക്ലേഡ് (1682)നെയാണ് അവൾ തന്റെ ആത്മീയ പിതാവായി അംഗീകരിച്ചിരുന്നതും ഉപദേശങ്ങൾക്കായി ആശ്രയിച്ചിരുന്നതും. അദ്ദേഹം തന്റെ ആത്മീയ മകളെ തിരുഹൃദയ ഭക്തിക്കു മാത്രമല്ല സ്ഥിരോത്സാഹത്തോടെ അതിനായി സ്വയം പ്രയത്നിച്ചു വരികയും ചെയ്തുപോന്നു. ആ കാലഘട്ടത്തിൽ ഇംഗ്ലണ്ട് ഒരു പ്രൊട്ടസ്റ്റൻറ് രാജ്യമായിരുന്നിട്ട് കൂടി ഇന്നത്തേതു പോലെ തന്നെ തിരുഹൃദയ ഭക്തി പ്രോത്സാഹിക്കപ്പെട്ടു പോന്നു.

## യേശുക്രിസ്തു വിശുദ്ധ മാർഗരറ്റിന് നൽകിയ 12 വാഗ്ദാനങ്ങൾ



1. അവിടുന്ന് അവർക്കെല്ലാം തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും നൽകും.
2. അവിടുന്ന് അവരുടെ ഭവനങ്ങളിൽ സമാധാനം സ്ഥാപിക്കും.
3. തങ്ങളുടെ കഷ്ടതകളിലെല്ലാം അവിടുന്നവർക്ക് ആശ്വാസമേകും.
4. അവിടുന്നവർക്ക് ഈ ജീവിതത്തിൽ അതിലുമുപരി മരണത്തിലും സുരക്ഷിതമായ അഭയശിലയാകും.
5. തങ്ങളുടെ എല്ലാ ചുവടുവയ്പ്പുകളിലും അവിടുന്നവർക്ക് അനുഗ്രഹങ്ങൾ വാരിക്കോരി ചൊരിയും.
6. പാപികൾ അവിടുത്തെ തിരുഹൃദയം കൃപയുടെ വറ്റാത്ത ഉറവയായി കണ്ടെത്തും.
7. തളർന്നു പോയ ആത്മാക്കളെല്ലാം ദൈവസ്നേഹത്താൽ നിറയും.
8. ആ ആത്മാക്കളെല്ലാം പെട്ടെന്ന് തന്നെ പരിപൂർണ്ണമായും കുറ്റമറ്റതാകും.
9. അവിടുത്തെ തിരുഹൃദയ രൂപത്തെ എവിടെയൊക്കെ സ്ഥാപിക്കുകയും വണങ്ങുകയും ചെയ്യുന്നുവോ അവിടമൊക്കെ അവിടുന്ന് അനുഗ്രഹിക്കും.
10. വൈദികർക്ക് അവിടുന്ന് ഏറ്റവും കഠിനഹൃദയങ്ങളെ സ്പർശിക്കാനുള്ള വരം നൽകും.
11. തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നവരുടെ പേരുകൾ അവിടുത്തെ ഹൃദയത്തിൽ എഴുതി സൂക്ഷിക്കും.
12. ഒൻപതു ആദ്യ വെള്ളിയാഴ്ചകളിൽ തുടർച്ചയായി വി.കുർബ്ബാനയിൽ സംബന്ധിച്ചു അത് സ്വീകരിക്കുന്നവർക്കായ് അവിടുത്തെ കൃപ സമ്പൂർണ്ണമായ ഹൃദയത്തിൽ നിന്ന് അത്യുഷ്മളമായ സ്നേഹത്തോടെ അനുഗ്രഹ വർഷമുണ്ടാകും. അവർ കൂദാശകൾ സ്വീകരിക്കാതെ മരിക്കുകയില്ല.

മാസാദ്യ വെള്ളിയാഴ്ച ആചരണവുമായി ബന്ധപ്പെട്ടു കിടക്കുകയാണ് പന്ത്രണ്ടാമത്തെ വാഗ്ദാനം എന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഏറ്റം പ്രാധാന്യമർഹിക്കുന്നതുമാണ്. നാളിതുവരെ സഭയെ നയിച്ച സഭാപിതാക്കൻമാർ എല്ലാം തന്നെ തിരുഹൃദയ ഭക്തിയെ എല്ലായ്പ്പോഴും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നിരിക്കെ, ഈ വാഗ്ദാനങ്ങളെല്ലാം തന്നെ അതിന്റെ ശരിയായ അർത്ഥത്തിൽ എല്ലാവരും മനസ്സിലാക്കിയിരിക്കണമെന്ന് തിരുസഭയ്ക്ക് നിർബന്ധമുണ്ട്.

പരമ്പരാഗതമായി അനുഷ്ഠിച്ചുവരുന്ന രീതികളോ വേദഗ്രന്ഥത്തിനടിസ്ഥാനപ്പെടുത്തിയ നിർദ്ദേക സംഹിതകളോ ഇതിനില്ല എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. മറിച്ച് പൂർണ്ണവും ഔദാര്യപൂർണ്ണവുമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാനുതകുന്ന രീതിയിൽ മനസ്സിലാക്കപ്പെടണം. ദൈവ നിവേശിതമായ ഈ വാഗ്ദാനങ്ങൾ തികച്ചും യാന്ത്രികമായും അന്ധവിശ്വാസപരമായും സമീപിച്ചാൽ അത് അവിടുത്തെ സദ്ദുദ്ദേശങ്ങൾക്ക് എതിരായും ദൈവഹിതമല്ലാതാവുകയും ചെയ്യും.

**മുകളിൽ പ്രസ്താവിച്ച കാര്യങ്ങളെല്ലാം മനസ്സിലാക്കി, നമുക്ക് മാസാദ്യ വെള്ളിയാഴ്ചകളുടെ ഭക്തിക്ക് എന്താണ് മുൻതൂക്കം എന്നു നോക്കാം.**

മൂന്നു ഘടകങ്ങളാണ് ഇതിൽ പ്രധാനമായും ഉള്ളത് :

1. ഒരുക്കത്തിനായി കുമ്പസാരമെന്ന കൂദാശ.
2. ഒൻപത് മാസാദ്യ വെള്ളിയാഴ്ചകളിൽ അടുപ്പിച്ചുള്ള വി.കുർബാന സ്വീകരണം.
3. ഒരു മണിക്കൂർ ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ആരാധന.

ഇക്കാര്യങ്ങളൊക്കെ തിരുഹൃദയ ഭക്തിയുടെ രൂപരേഖയെന്നിരിക്കെ, മാസാദ്യ വെള്ളിയാഴ്ച ഇത് ആചരിക്കുന്നവർക്ക് തിരുഹൃദയത്തിനോട് ധാരാളമായി സ്നേഹമുണ്ടാകും. ഇത് പലതരത്തിൽ പ്രകടിപ്പിക്കാമെങ്കിലും തിരുഹൃദയത്തിന്റെ തിരുനാൾ എവിടെയായിരുന്നാലും ആഘോഷിക്കുന്നത് പ്രധാനമായ കാര്യമാണ്. അത് പന്തക്കുസ്താ കഴിഞ്ഞുവരുന്ന രണ്ടാം ഞായറാഴ്ചക്ക് ശേഷമുള്ള വെള്ളിയാഴ്ചയാണ്.

# ചരിത്രമായി ഇടുക്കി രൂപതാ അൾത്താര ബാലസംഗമം



ഇടുക്കി രൂപതാ അൾത്താര ബാലസംഗമം അവിസ്മരണീയമായി. ആദ്യമായാണ് രൂപതാലത്തിൽ അൾത്താര ബാലൻമാരെ ഒരുമിച്ച് ചേർക്കുന്നത്. രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെയും വൊക്കേഷൻ ബ്യൂറോയുടെയും നേതൃത്വത്തിലാണ് ബാലസംഗമം സംഘടിപ്പിച്ചത്. രൂപതയുടെ ആറ് കേന്ദ്രങ്ങളിലായി നടത്തിയ സംഗമത്തിൽ വിവിധ ഇടവകകളിൽ നിന്നായി 850ലധികം  അൾത്താരബാലന്മാർ സംഗമിച്ചു. അടിമാലി, കരിമ്പൻ, മുരിക്കാശ്ശേരി, ആനച്ചാൽ, ഇരട്ടയാർ, വെള്ളയാംകുടി എന്നീ കേന്ദ്രങ്ങളിലായിരുന്നു അൾത്താര ബാലസംഗമം നടന്നത്. വൈദികരും വൈദിക വിദ്യാർഥികളും സന്യസ്ഥരും അല്മായരും അടങ്ങുന്ന 50 ഓളം വരുന്ന പരിശീലകർ വിവിധ കേന്ദ്രങ്ങളിലെ സംഗമങ്ങൾക്ക് നേതൃത്വം നൽകി. വിശുദ്ധ കുർബാനയിൽ  തങ്ങൾ ചെയ്യുന്ന ശുശ്രൂഷകളെക്കുറിച്ചും അവയുടെ ശ്രേഷ്ഠതയെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തി. ആരാധനക്രമ ശുശ്രൂഷകളിൽ തങ്ങൾ നടത്തുന്ന ശുശ്രൂഷകളുടെ പ്രാധാന്യത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും ദൈവാലയത്തിന്റെ അതിവിശുദ്ധിയിടങ്ങളിൽ വ്യാപരിക്കുന്ന അവർ ജീവിതത്തിൽ സൂക്ഷിക്കേണ്ട വിശുദ്ധിയെക്കുറിച്ച് അവബോധം ഉളവാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ സംഗമത്തിന്റെ ലക്ഷ്യം.

അൾത്താര ബാലന്മാരുടെ ഇത്തരം സംഗമങ്ങൾ തുടർന്നും നടത്തുമെന്നും ഇത്തരം കൂടിച്ചേരലുകൾ അവരെ സഭയോടും വിശ്വാസകാര്യങ്ങളോടും ചേർന്നു നിൽക്കാൻ പ്രേരിപ്പിക്കുമെന്നും നല്ല ദൈവവിളികൾ വളർന്നുവരുവാൻ ഇത് ഇടവരുത്തുമെന്നും ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ പറഞ്ഞു. ക്ലാസുകളിലും പ്രവർത്തനങ്ങളിലും ആരാധനയിലും സജീവമായി പങ്കെടുത്ത് ഉത്സാഹത്തോടെയാണ് അൾത്താരബാലന്മാർ തിരികെ മടങ്ങിയത്. ക്രിസ്തുജ്യോതി വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഡയറക്ടർ ഫാ.ഫിലിപ്പ് ഐക്കര, വൊക്കേഷൻ ബ്യൂറോ ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, മിഷൻലീഗ് രൂപതാ പ്രസിഡന്റ് ശ്രീ. സെസിൽ ജോസ്, സി. സ്റ്റാർലറ്റ് സി.എം.സി, ഫാ. ജെയിംസ് കാവുങ്കൽ, ഫാ. അമൽ താണോലിൽ, ഫാ. ജോബി പുളിക്കക്കുന്നേൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.




## പ്രവർത്തനവർഷ ഉദ്ഘാടനം



ഇടുക്കി രൂപതാ കെ.സി.വൈ.എം 2024-2025 പ്രവർത്തന വർഷ ഉദ്ഘാടനം മച്ചിപ്ലാവ് കാർമൽജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു
















## ‘Festum Verbi' വചന മഹാസംഗമം

ഇടുക്കി രൂപതാ മാതൃവേദി പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും 'Festum Verbi' വചന മഹാസംഗമം ജൂൺ 23 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആയിരമേക്കർ സെന്റ് തോമസ് പാരീഷ് ഹാളിൽ നടക്കും. മാർ ജോൺ നെല്ലിക്കുന്നേൽ യേഗം ഉദ്ഘാടനം ചെയ്യും. മാതൃവേദി ഭാരവാഹികളും കഴിഞ്ഞ വർഷം ബൈബിൾ കൈയെഴുത്ത് മത്സരത്തിൽ പങ്കെടുത്തവരും ഉൾപ്പെടെ രണ്ടായിരത്തോളം അമ്മമാർ യോഗത്തിൽ പങ്കെടുക്കും. കഴിഞ്ഞ വർഷം 1700 പേരാണ് ബൈബിൾ കൈയെഴുത്ത് മത്സരത്തിൽ പങ്കെടുത്തത്. ഇതിൽ വിജയികളായവർക്കും വചനക്കൊയ്ത്ത്, സമൃദ്ധി പച്ചക്കറിത്തോട്ടം മത്സരം എന്നിവയിൽ വിജയിച്ചവർക്ക് അന്നേ ദിവസം അഭി.പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്യും.

രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, ഫാ.റോയി കണ്ണംചിറ സി.എം.ഐ, രൂപതാ ഡയറക്ടർ ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ, സി. ട്രീസാ എസ്.എച്ച് എന്നിവർ പ്രസംഗിക്കും.

# പ്രവർത്തനവർഷ ഉദ്ഘാടനം



ഇടുക്കി രൂപതാ വിശ്വാസപരിശീലനം, മിഷൻലീഗ് തിരുബാല സഖ്യം 2024-2025 പ്രവർത്തന വർഷ ഉദ്ഘാടനം മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു




## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെമ്മോറിയൽ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് നടത്തി



ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ ആയിരുന്ന മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ സ്മരണാർത്ഥം രൂപതാവൈദികർക്കായി പ്രഥമ ബാസ്കറ്റ് ബോൾ ടൂർണമെന്റ് നടത്തി. രാജാക്കാട്ട് സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിലാണ് ടൂർണമെന്റ് നടന്നത്. രാജാക്കാട് പണികഴിപ്പിച്ച പുതിയ ബാസ്ക്കറ്റ്ബോൾ കോർട്ട് ഉദ്ഘാടനം രൂപതാമുഖ്യ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. വിവിധ ടീമുകളിലായി അണിനിരന്ന വൈദികർ ശ്രദ്ധേയമായ മത്സരമാണ് കാഴ്ചവച്ചത്.

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ആരോഗ്യമുണ്ടായിരുന്ന കാലമത്രയും നല്ല ബാസ്കറ്റ് ബോൾ കളിക്കാരനായിരുന്നു എന്ന് മാർ ജോൺ നെല്ലിക്കുന്നേൽ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ സ്മരണാർത്ഥമുള്ള ഈ ടൂർണമെന്റ് ഇനി എല്ലാവർഷവും തുടരുമെന്നും അദ്ദേഹം പറഞ്ഞു. വൈദികരെ ഏറെ സ്നേഹിക്കുകയും കരുതുകയും ചെയ്ത ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹം ഏറെ ഇഷ്ടപ്പെട്ട കായിക വിനോദത്തിന്റെ മത്സരത്തിനായി വൈദികരെ ഒരുമിച്ച് ചേർക്കുന്നത് വൈദികർക്ക് അദ്ദേഹത്തിന്റെ പേരിൽ ഒരുമിച്ചു കൂടുന്നതിനും അനുസ്മരിക്കുന്നതിനും ഇടവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

രൂപതാ അതിർത്തിയിലുള്ള ഇടവക വൈദികരും സന്യാസ വൈദികരും മത്സരത്തിൽ പങ്കുചേർന്നു. പൗരോഹിത്യ കൂട്ടായ്മയുടെ ഒത്തുചേരലും ആനന്ദവുമായി ഈ സൗഹൃദ മത്സരം മാറി. മത്സരത്തിൽ വിജയികളായവർക്കും മത്സരത്തിൽ പങ്കുചേർന്നവർക്കും മാർ ജോൺ നെല്ലിക്കുന്നേൽ സമ്മാനങ്ങൾ വിതരണം ചെയ്തു. മോൺ. അബ്രഹം പുറയാറ്റ്, മോൺ. ജോസ് കരിവേലിക്കൽ, ഫാ. മാർട്ടിൻ പൊൻപനാൽ, ഫാ. അമൽ മണിമലക്കുന്നേൽ എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.





# "യുവജനങ്ങൾ സഭയുടെ ശബ്ദമാകണം"



## അലക്സ് തോമസ് പുളിമൂട്ടിൽ

**എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ്**

**സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം) സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പാറത്തോട് ഇടവകാംഗമായ ശ്രീ അലക്സ് തോമസുമായി ഇടുക്കി രൂപതാ മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ജിൻസ് കാരയ്ക്കാട്ട് നടത്തിയ ഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ**

***ക്രൈസ്തവ യുവജനപ്രസ്ഥാനത്തിലെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ എങ്ങനെ ഓർത്തെടുക്കുന്നു ?***

കഴിഞ്ഞകാല പ്രവർത്തനങ്ങൾ ഓർക്കുമ്പോൾ തികച്ചും അഭിമാനമുണ്ട്. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ എല്ലാവരും പേടിയോടെ നിന്ന സാഹചര്യത്തിൽ ആവശ്യമുള്ള ഘട്ടങ്ങളിൽ കൃത്യമായി സഹായങ്ങളുമായി ഇറങ്ങിത്തിരിക്കാനും കോവിഡ് വന്ന് മരണമടഞ്ഞ ആളുകളെ സംസ്കരിക്കുവാൻ മുന്നിട്ട് ഇറങ്ങനാും ഇടുക്കി രൂപതയിലെ യുവജനങ്ങൾക്ക് സാധിച്ചു. പിന്നീട് ധാരാളം നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. നിരവധി ആളുകളെ നേതൃത്വത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചു എന്നതിലും സന്തോഷവും അഭിമാനവും ഉണ്ട്. പിന്നീട് വലിയൊരു വിജയം സമ്മാനിച്ച ഒരു വേദി ആയിരുന്നു കെ സി വൈ എം സംസ്ഥാന കലോത്സവം. 2022 കാലഘട്ടത്തിൽ സംസ്ഥാന കലോത്സവത്തിന് ആതിഥേയത്വം വഹിച്ചത് ഇടുക്കി രൂപത ആയിരുന്നു. ആ വേദി മികച്ച ഒരു അവസരമായിരുന്നു. അതിലൂടെ സംഘാടന മികവ് യുവജനങ്ങളിൽ വളർത്താൻ സാധിച്ചിട്ടുണ്ട്. ഇതുപോലെ ധാരാളം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുക്കൊണ്ട് മികച്ച രീതിയിൽ യുവജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടാണ് മുമ്പോട്ട് നീങ്ങുന്നത്.




***എസ് എം വൈ എം ന്റെ ഇപ്പോഴത്തെ പ്രവർത്തന ശൈലി എന്താണ്?***

അഗോളതലത്തിൽ എത്തപ്പെട്ടിരിക്കുന്ന സിറോ മലബാർ സഭയുടെ യുവജനങ്ങളെ കണ്ടെത്തുക, ആത്മീയമായും സാമൂഹികമായും സാമൂദായികമായും ഒരുമയോടെ വർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണം നൽകുക, അതിന് ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാനും അതുവഴി സീറോ മലബാർ സഭയോടും സമൂഹത്തോടും രൂപതയോടും ഇടവകയോടും യുവജനങ്ങളെ ചേർത്തുനിർത്തുക എന്നുള്ള ലക്ഷ്യത്തോടെയാണ് എസ് എം വൈ എം സംഘടന പ്രവർത്തിക്കുന്നത്.

***സഭ യുവജന അജപാലന മേഖലയിൽ മുൻകാലങ്ങളിൽ അപേക്ഷിച്ചു കൂടുതൽ ശ്രദ്ധിക്കുന്നതായി തോന്നുന്നുണ്ടോ ?***

തീർച്ചയായും. യുവജനങ്ങളെ വളർത്തിയെടുക്കുന്നതിൽ ഇന്ന് സഭ വളരെയേറെ പ്രവർത്തനങ്ങളും അവസരങ്ങളും ഒരുക്കുന്നുണ്ട്. ഇടുക്കി രൂപതയിൽ തന്നെ ആദ്യ എപ്പാർക്കിയൽ അസ്സംബ്ലി നടത്തപ്പെട്ടപ്പോൾ അതിലെ പ്രധാന വിഷയം യുവജന സമൂഹം സഭയിൽ നിലകൊള്ളുന്നതും യുവജനങ്ങൾക്ക് നൽകേണ്ട പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ ആയിരുന്നു. സീറോ മലബാർ സഭയിലേക്ക് വരുമ്പോളും അവിടെയും ചർച്ചാ വിഷയം യുവജങ്ങൾ തന്നെ ആണ്. അത്തരത്തിൽ ഒരു വിഷയം സഭ ശ്രദ്ധയിൽ കൊണ്ടുവന്നത് തന്നെ യുവജങ്ങൾ സഭയുടെ ഒരു പ്രധാന ഘടകം ആയത് കൊണ്ടാണ്.



***സഭയുടെ ശക്തമായ ശബ്ദമായി നാം മാറണം. സീറോ മലബാർ സഭയുടെ വിശ്വാസവും പൈതൃകവും നമ്മൾ അഭംഗുരം കാത്തുസൂക്ഷിക്കാൻ ശ്രദ്ധാലുക്കളായിരിക്കണം.***

***കേരളത്തിലെ ക്രൈസ്തവ യുവജനങ്ങൾ വിശിഷ്യാ സീറോ മലബാർ യുവജനങ്ങൾ വിദേശ കുടിയേറ്റത്തിലാണ്. എസ്.എം.വൈ.എം. യുവജന ശുശ്രൂഷ എങ്ങനെ അവരിൽ എത്തിക്കാൻ കഴിയും ?***

വിദേശ കുടിയേറ്റം എന്ന് പറയുമ്പോഴും ഈ കുടിയേറ്റത്തിലൂടെയാണ് സിറോ മലബാർ സഭക്ക് ആഗോളമായ ഒരു മാനം ലഭിച്ചത്. കേരളത്തിൽനിന്ന് ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും കുടിയേറി പോകുന്നവർ അവിടെ ഇടവകയോടും സഭയോടും ക്രിസ്തുവിനോടും ചേർന്ന് നിൽക്കുന്നുണ്ടോ എന്നുള്ളത് വളരെ വലിയൊരു ചോദ്യമാണ്. ആ ചോദ്യത്തിന് ഉത്തരം നൽകാൻ സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുന്നത്. സിറോ മലബാർ രൂപതകളും അവിടെ എസ് എം വൈ എം യുവജന സംഘടകളുടെ യൂണിറ്റുകളും എല്ലാ വിദേശ രാജ്യങ്ങളിലും ഇന്ന് സജീവമാണ്.

***യുവജന നേതാവ് എന്ന നിലയിൽ സഭയിലെ യുവജനങ്ങളോട് പറയാനുള്ളത് എന്താണ്?***

യുവജനങ്ങളോടു പറയാനുള്ളത്, നമ്മൾ സഭയോടു ചേർന്ന് പ്രവൃത്തിക്കണം. സഭയുടെ ശക്തമായ ശബ്ദമായി നാം മാറണം. സീറോ മലബാർ സഭയുടെ വിശ്വാസവും പൈതൃകവും നമ്മൾ അഭംഗുരം കാത്തുസൂക്ഷിക്കാൻ ശ്രദ്ധാലുക്കളായിരിക്കണം.